# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 16.08.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1). **ഭൗമ നിരീക്ഷണ ഉപഗ്രഹമായ ഇ.ഒ.എസ്-08 നെ വിജയകരമായി ഭ്രമണപഥത്തിലെത്തിച്ച് ISRO. ചെറു ഉപഗ്രഹ വിക്ഷേപണ വാഹനമായ SSLV യുടെ മൂന്നാം പരീക്ഷണവും വിജയം.**

**ISRO to launch earth observation satellite EOS-8 onboard SSLV D3 this morning.**

2) **സംസ്ഥാന ചലച്ചിത്ര പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. കാതൽ മികച്ച ചിത്രം, പൃഥ്വിരാജ് മികച്ച നടൻ, ഉർവശിയും, ബീന ആർ ചന്ദ്രനും മികച്ച നടിമാർ.**

**Kerala State Film Awards were announced Today. Kathal the Core is selected as the Best Film. Prithviraj wins Best Actor award. Urvashi and Bina R Chandran shared the Best Actress award.**

3) **വിവിധ സംസ്ഥാനങ്ങളിലെ നിയമസഭ തിരഞ്ഞെടുപ്പ് തീയതികൾ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ ഇന്ന് പ്രഖ്യാപിക്കും.**

**The Election Commission will announce the schedule for state assembly polls this afternoon.**

4) **രാഷ്ട്രപതി ഭവനിലെ അമൃത് ഉദ്യാനിൽ ഇന്നുമുതൽ പൊതുജനങ്ങൾക്ക് പ്രവേശനം.**

**Amrit Udyan is going to open for the general public today. Visitors can visit it till 15th of the next month.**

5) **കൊൽക്കത്തയിലെ യുവ ഡോക്ടറുടെ കൊലപാതകത്തിൽ പ്രതിഷേധിച്ച് കേരളത്തിൽ ഡോക്ടർമാർ ഇന്ന് സമരത്തിൽ.**

**Doctors in Kerala are on strike today to protest against the brutal killing of trainee woman doctor in Kolkata.**

6) **ഹോക്കി താരം പി ആർ ശ്രീജേഷിന് കൊച്ചിയിൽ ഇന്ന് സ്വീകരണം.**

**Hockey Goalkeeper P R Sreejesh will receive a warm welcome in Kochi today.**

***********************************************

## ISRO SATELLITE

ഭൗമ നിരീക്ഷണ ഉപഗ്രഹമായ ഇഒഎസ്-08 നെയും, SR-O ഡെമോ പാസഞ്ചർ ഉപഗ്രഹത്തെയും വിജയകരമായി ഭ്രമണപഥത്തിലെത്തിച്ച് SSLV D3. I.S.R.O. ചെറു ഉപഗ്രഹ വിക്ഷേപണ വാഹനമായ SSLV യുടെ മൂന്നാമത്തെ പരീക്ഷണമാണ് ഇതിലൂടെ വിജയകരമായത്. മൈക്രോ, മിനി, നാനോ ഉപഗ്രഹങ്ങളെ ബഹിരാകാശത്ത് എത്തിക്കാനുള്ള ഇന്ത്യയുടെ ശേഷിയും ഇതിലൂടെ തെളിയിക്കപ്പെട്ടു. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ നിന്നും രാവിലെ 9.17 നായിരുന്നു വിക്ഷേപണം. പ്രകൃതി ദുരന്ത മുന്നറിയിപ്പ്, വ്യാവസായിക അപകടങ്ങൾ, അഗ്നിപർവത സ്ഫോടനം തുടങ്ങിയവയെക്കുറിച്ച് മുന്നറിയിപ്പ് നൽകാൻ ഇഒഎസ്-08 ന് സാധിക്കും. ചെന്നൈ ആസ്ഥാനമായുള്ള സ്റ്റാർട്ടപ്പാണ്, സ്പേസ് റിക്ഷ എന്ന് വിശേഷണമുള്ള എസ്ആർ-0 ചെറു ഉപഗ്രഹം നിർമിച്ചത്. വിക്ഷേപിച്ച് 14 മിനിറ്റിനുള്ളിലാണ് ഉപഗ്രഹങ്ങളെ SSLV D3 നിശ്ചിത ഭ്രമണപഥങ്ങളിൽ എത്തിച്ചത്. ചെറു ഉപഗ്രഹങ്ങളുടെ വിക്ഷേപണം കുറഞ്ഞ ചെലവിൽ നിർവഹിക്കാൻ S.S.L.Vയിലൂടെ സാധിക്കും. SSLV ഡി-1, ഡി-2, ഡി-3 എന്നിവയുടെ വിജയം ബഹിരാകാശത്ത് പുതിയ വഴികൾ

തേടാനുള്ള ഐഎസ്ആർഒയുടെ ആത്മവിശ്വാസം വർധിപ്പിച്ചതായി I.S.R.O ചെയർമാൻ സോമനാഥ് പറഞ്ഞു.
**********************************************

## STATE AWARD

54-ാമത് സംസ്ഥാന ചലച്ചിത്ര പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. ജിയോ ബേബി സംവിധാനം ചെയ്ത കാതൽ മികച്ച ചിത്രമായി. ആടു ജീവിതത്തിലെ അഭിനയത്തിലൂടെ മികച്ച നടനുള്ള പുരസ്കാരം പൃഥ്വിരാജ് സുകുമാരൻ നേടി. മികച്ച നടിക്കുള്ള പുരസ്കാരങ്ങൾ ഉർവ്വശിയും, ബീന ആർ ചന്ദ്രനും പങ്കിട്ടു. ഉള്ളൊഴുക്ക്, തടവ് എന്നീ ചിത്രങ്ങളിലെ പ്രകടനങ്ങൾക്കാണ് പുരസ്കാരം.

**(ഹോൾഡ്......)**

മികച്ച സംവിധായകനുള്ള പുരസ്കാരം ബ്ലെസി നേടി. ഇരട്ടയാണ് മികച്ച രണ്ടാമത്തെ ചിത്രം. മികച്ച ജനപ്രിയ ചിത്രം - ആടു ജിവിതം. മികച്ച സ്വഭാവ നടി - ശ്രീഷ്മ ചന്ദ്രൻ. മികച്ച സ്വഭാവ നടൻ - വിജയരാഘവൻ. . പാച്ചുവും അത്ഭുത വിളക്കും എന്ന ചിത്രത്തിലെ ഗാനത്തിലൂടെ ആൻ ആമി മികച്ച ഗായികയായി. വിദ്യാധരൻ മാസ്റ്ററാണ് മികച്ച ഗായകൻ. കാതൽ എന്ന സിനിമയിലൂടെ പശ്ചാത്തല സംഗീതത്തിനുള്ള പുരസ്കാരം മാത്യൂസ് പുളിക്കൽ നേടി. മികച്ച സംഗീത സംവിധായകൻ - ജസ്റ്റിൻ വർഗീസ്. 160 ചലച്ചിത്രങ്ങളാണ് പുരസ്കാരത്തിനായ് സുധീപ് മിശ്ര അധ്യക്ഷനായ ജൂറി പരിഗണിച്ചത്.
**********************************************

## ECI - SCHEDULE ANNOUNCEMENT

വിവിധ സംസ്ഥാനങ്ങളിലെ നിയമസഭ തിരഞ്ഞെടുപ്പ് തീയതികൾ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ ഇന്ന് പ്രഖ്യാപിക്കും. ഉച്ചയ്ക്ക് നടക്കുന്ന വാർത്താസമ്മേളനത്തിലായിരിക്കും പ്രഖ്യാപനം. ജമ്മു

കശ്മീർ, ഹരിയാന നിയമസഭകളിലേക്കുള്ള തിരഞ്ഞെടുപ്പ് തീയതികൾ ഇന്ന് പ്രഖ്യാപിച്ചേക്കും. മഹാരാഷ്ട്ര, ഝാർഖണ്ഡ് നിയമസഭകളിലേക്കുള്ള തിരഞ്ഞെടുപ്പും നടക്കാനിരിക്കുകയാണ്. തിരഞ്ഞെടുപ്പ് കമ്മീഷൻ അടുത്തിടെ ജമ്മു കശ്മീരിലും ഹരിയാനയിലും സന്ദർശനം നടത്തി മുന്നൊരുക്കൾ വിലയിരുത്തിയിരുന്നു.

***********************************************

## AMRIT UDYAN-OPENING

രാഷ്ട്രപതി ഭവനിലെ അമൃത് ഉദ്യാൻ പൊതുജനങ്ങൾക്കായി തുറന്നു. രാവിലെ 10 മണി മുതൽ വൈകുന്നേരം ആറ് വരെയാണ് പ്രവേശനം അനുവദിച്ചിരിക്കുന്നത്. അടുത്ത മാസം 15 വരെ ഉദ്യാനം പൊതുജനങ്ങൾക്കായി തുറന്നു നൽകും. തിങ്കളാഴ്ചകളിൽ പ്രവേശനം ഉണ്ടായിരിക്കില്ല. അമൃത് ഉദ്യാൻ ആഘോഷ പരിപാടികൾ രാഷ്ട്രപതി ദ്രൗപദി മുർമു ബുധനാഴ്ച ഉദ്ഘാടനം ചെയ്തിരുന്നു. ദേശീയ കായിക ദിനമായ ഓഗസ്റ്റ് 29-ന് അമൃത് ഉദ്യാൻ വീക്ഷിക്കാൻ കായിക താരങ്ങളെ ഇതാദ്യമായി ക്ഷണിച്ചിട്ടുണ്ട്. സെപ്റ്റംബർ 5 ന് അധ്യാപകർക്കും പൂക്കളുടെ വസന്തം നേരിൽ കണ്ട് ആസ്വദിക്കാൻ പ്രത്യേക ക്ഷണമുണ്ട്. അമൃത് ഉദ്യാനിലേക്കുള്ള പ്രവേശനം സൗജന്യമാണ്. ടിക്കറ്റുകൾ രാഷ്ട്രപതി ഭവൻറെ വെബ്സൈറ്റിലും, ഗേറ്റ് നമ്പർ 35 ലെ കിയോസ്കിലും ലഭ്യമാണ്.

***********************************************

## REV-ATAL - DEATH ANNIVERSARY

മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയിയുടെ ആറാം ചരമവാർഷിക ദിനമായ ഇന്ന് രാജ്യം അദ്ദേഹത്തിന് ആദരാഞ്ജലികൾ അർപ്പിക്കുന്നു. ന്യൂഡൽഹിയിലെ സദൈവ് അടൽ സമാധിയിൽ ഇന്ന് പ്രാർത്ഥനാ യോഗം സംഘടിപ്പിച്ചു.

രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്ര മോദി എന്നിവർ വാജ്പേയിയുടെ സ്മൃതിമണ്ഡപത്തിൽ പുഷ്പാർച്ചന നടത്തി. രാഷ്ട്രനിർമ്മാണത്തിന് വാജ്പേയ് നൽകിയത് സമാനതകളില്ലാത്ത സംഭാവനകളെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി സമൂഹ മാധ്യമത്തിൽ കുറിച്ചു. ഇന്ത്യയെക്കുറിച്ചുള്ള അദ്ദേഹത്തിൻറെ കാഴ്ചപ്പാട് നിറവേറ്റുന്നതിനായി തുടർന്നും പ്രവർത്തിക്കണമെന്നും അദ്ദേഹം പറഞ്ഞു.

**************************************************

## IMA – PROTEST

കൊൽക്കത്തയിലെ യുവ ഡോക്ടറുടെ കൊലപാതകത്തിൽ പ്രതിഷേധിച്ച് കേരളത്തിലെ ഡോക്ടർമാർ സംസ്ഥാന വ്യാപകമായി ആഹ്വാനം ചെയ്ത സമരം ആരംഭിച്ചു. പി ജി ഡോക്ടർമാരും, സീനിയർ റെസിഡന്റ് ഡോക്ടർമാരും, ഹൗസ് സർജന്മാരും ഡ്യൂട്ടിയിൽ നിന്നും വിട്ടു നിൽക്കുകയാണ്. ഓ പിയും വാർഡ് ഡ്യൂട്ടിയും ബഹിഷ്കരിച്ചാണ് സമരം . രാവിലെ 8 മണിക്ക് ആരംഭിച്ച സമരം നാളെ രാവിലെ 8 മണി വരെ തുടരും. എന്നാൽ അത്യാഹിത വിഭാഗങ്ങളിൽ ഡോക്ടർമാരുടെ സേവനം തുടരുന്നുണ്ട്. അടിയന്തര ശസ്ത്രക്രിയ, ലേബർ റൂം സേവനങ്ങളും തുടരുന്നു. ആരോഗ്യ പ്രവർത്തകരുടെ സുരക്ഷ ഉറപ്പാക്കുക, കേന്ദ്രീകൃത സംരക്ഷണ നിയമം നടപ്പാക്കുക, ഡോക്ടറുടെ കൊലപാതകത്തിന് കാരണമായ എല്ലാവരെയും 48 മണിക്കൂറിനുള്ളിൽ അറസ്റ്റ് ചെയ്യുക തുടങ്ങിയ കാര്യങ്ങൾ ആവശ്യപ്പെട്ടാണ് സമരം. ഡോക്ടർമാരുടെ സംഘടനയായ കെ ജി എം ഓ എ ഇന്ന് സംസ്ഥാനത്ത് കരിദിനം ആചരിക്കുന്നുണ്ട്. ഇന്ത്യൻ മെഡിക്കൽ അസോസിയേഷനും രാജ്യവ്യാപകമായി നാളെ രാവിലെ 6 മുതൽ 24 മണിക്കൂർ സമരം നടത്തും. അവശ്യ

സേവനങ്ങൾ തടസ്സപ്പെടില്ലെന്നും അത്യാഹിതവിഭാഗം പ്രവർത്തിക്കുമെന്നും ഐ എം എ പ്രസ്താവനയിൽ അറിയിച്ചു.

*****************************************************

## KERALA CM- KOCHI

വയനാട് ദുരന്തത്തെ ഒരു സമൂഹമെന്ന നിലയിൽ ഒറ്റക്കെട്ടായി സംസ്ഥാനത്തിന് നേരിടാൻ കഴിഞ്ഞു എന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ദുരന്തബാധിതരെ മാതൃകാപരമായി പുനരധിവസിപ്പിക്കാൻ സംസ്ഥാനത്തിന് കഴിയുമെന്നും അദ്ദേഹം പറഞ്ഞു. കൊച്ചിയിൽ തദ്ദേശ അദാലത്തിൻറെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി. പ്രകൃതിദുരന്തങ്ങളുമായി ബന്ധപ്പെട്ട മുന്നറിയിപ്പുകളും പ്രവചനങ്ങളും നടത്താൻ കഴിയുന്നില്ല എന്ന പോരായ്മ നിലനിൽക്കുന്നുണ്ടെന്നും മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. കോഴിക്കോട് വിലങ്ങാട് ഉണ്ടായ ഉരുൾപൊട്ടലിൽ ജീവൻ നഷ്ടമാകാതിരുന്നതിന് കാരണം അവിടെ താമസിച്ചിരുന്ന എല്ലാവരെയും മുൻകൂട്ടി മാറ്റാൻ കഴിഞ്ഞതാണ്. ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള ഒട്ടേറെ നടപടികൾ ശാസ്ത്രീയ മാർഗങ്ങളിലൂടെയും വിവിധ ഏജൻസികളുടെ മുന്നറിയിപ്പുകളിലൂടെയും നാട്ടറിവുകളുടെ ഭാഗമായും ഉണ്ടാകേണ്ടതുണ്ടെന്ന് അദ്ദേഹം പറഞ്ഞു. തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രകൃതി ദുരന്ത സാഹചര്യങ്ങളിൽ മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കാറുണ്ടെങ്കിലും, ജനങ്ങൾ ഉന്നയിക്കുന്ന പരാതികൾ തീർക്കുന്നത് സംബന്ധിച്ച് അത്തരം സമീപനം ഉണ്ടാകുന്നില്ലെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

*****************************************************

## CHAIRMAN-PRESS MEET

മനുഷ്യരെ ബഹിരാകാശത്തെത്തിക്കുന്ന ഇന്ത്യൻ ദൗത്യമായ ഗഗൻയാൻറെ ആദ്യ ആളില്ലാ ദൗത്യം ഈ വർഷം അവസാനത്തോടെ വിക്ഷേപിക്കാനുള്ള ശ്രമങ്ങൾ

പുരോഗമിക്കുകയാണെന്ന് I.S.R.O ചെയർമാൻ എസ് സോമനാഥ് പറഞ്ഞു. തമിഴ്നാട്ടിലെ കുലശേഖരപട്ടണത്ത് സ്പേസ് സെൻ്റർ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ രണ്ട് വർഷത്തിനകം പൂർത്തിയാക്കുമെന്നും അദ്ദേഹം അറിയിച്ചു.

***********************************************

## P.R. SREEJESH

ഹോക്കി താരം പി ആർ ശ്രീജേഷിന് സംസ്ഥാന സർക്കാരും, സ്പോർട്സ് കൗൺസിലും, ഒളിമ്പിക് അസോസിയേഷനും ചേർന്ന് കൊച്ചി വിമാനത്താവളത്തിൽ ഇന്ന് സ്വീകരണം ഒരുക്കും. മന്ത്രിമാരായ പി രാജീവ്, വി അബ്ദുറഹ്മാൻ, ജനപ്രതിനിധികൾ, കായിക താരങ്ങൾ തുടങ്ങിയവർ സ്വീകരണത്തിൽ പങ്കെടുക്കും. ഇന്ന് ഉച്ചയ്ക്ക് രണ്ടരയോടെയാണ് പി.ആർ ശ്രീജേഷ് കൊച്ചിയിലെത്തുന്നത്. വിമാനത്താവളത്തിൽ നിന്നും ആലുവ യുസി കോളേജിലേക്ക് വാഹനജാഥ യായി പോകുന്ന ശ്രീജേഷിന് വൈകിട്ട് ആലുവ യുസി കോളേജിലും പിന്നീട് കിഴക്കമ്പലത്തും സ്വീകരണ പരിപാടികൾ ഒരുക്കിയിട്ടുണ്ട്.

***********************************************

## SABARIMALA

ചിങ്ങമാസ പൂജകൾക്കായി ശബരിമല ക്ഷേത്ര നട ഇന്ന് വൈകിട്ട് തുറക്കും. ഇന്ന് പൂജകൾ ഉണ്ടാകില്ല. നാളെ മുതൽ 21 വരെ, വിശേഷാൽ പൂജകൾ നടക്കും. തീർഥാടകർക്ക് വെർച്വൽ ക്യൂ വഴി ബുക്ക് ചെയ്ത് ദർശനത്തിനെത്താൻ സാകര്യമുണ്ട്. ചിങ്ങമാസ ദർശനത്തിനായെത്തുന്ന തീർഥാടകർക്ക് വിപുലമായ സജ്ജീകരണങ്ങളാണ് ഒരുക്കിയിട്ടുള്ളത്.

***********************************************

**RAIN KERALA**

കേരളത്തിൽ അഞ്ചുദിവസം കൂടി ഇടിയോടുകൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവാസ്ഥാ വകുപ്പിൻറെ മുന്നറിയിപ്പ്. പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ ഇന്ന് അതിശക്തമായ മഴയ്ക്കുള്ള ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ നാളെ ഓറഞ്ച് ജാഗ്രതയുണ്ടാകും. ഈ ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ അതിശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിച്ചത്.

ഈ മാസം 19 വരെ കേരള-ലക്ഷദ്വീപ്- കർണാടക തീരങ്ങളിൽ മീൻപിടിത്തത്തിന് വിലക്കേർപ്പെടുത്തി.

തീരങ്ങളിൽ കടലാക്രമണം ശക്തമാകാൻ സാധ്യതയുള്ളതിനാൽ അപകട മേഖലകളിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കണം.

**************

***************************

*************************************************